# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കപ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: No.KSA PKD-P13/1261/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P13/1261/2022 തീയ്യതി: 07/07/2022

## പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-05-2020 മുതൽ 21-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ
കെ.പി.മുഹമ്മദ് ഫാറൂക്ക്,അസി.ഓഡിറ്റ് ഓഫീസർ
കെ.വി.രാജൻ,സീനി.ഗ്രേഡ് ഓഡിറ്റർ
ഐ.കന്തസ്വാമി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു മാവറ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 23-12-2020 |
| ഷറഫുദ്ദീൻ | പ്രസിഡന്റ് | 24-12-2020 | 31-03-2021 |
| എഫ്.സെലീന മോൾ | സെക്രട്ടറി | 01-04-2020 | 19-02-2021 |
| രാജേന്ദ്രൻ പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-02-2021 | 09-03-2021 |
| മിനി ആർ നായർ | സെക്രട്ടറി | 10-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേന്ദ്രൻ പി.കെ | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| പ്രീത എൻ കെ | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| രൺദീപ് കെ.ആർ | കൃഷി ഓഫീസർ | 01-04-2020 | 02-09-2020 |
| ശില്പ പി | കൃഷി ഓഫീസർ | 03-09-2020 | 31-03-2021 |
| ജിഷ എം.വി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| പി.കെ.പ്രതാപ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.കൃഷ്ണദാസ് പി.കെ | മെഡിക്കൽ ഓഫീസആയുർവേദം) | 01-04-2020 | 31-03-2021 |
| ബിജുമോൻ ജോസഫ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീലത വി.പി | ഡയറി എകസ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| രമ കെ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| അജിതകുമാരി എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| പ്രിയ എം.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2020 | 12-01-2021 |
| ഷഹന പി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-01-2021 | 31-03-2021 |
| സെനി ഹെലൻ പി.എം | ഹെഡ് മിസ്ട്രസ്,ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kanthaswami.I (Auditor, On 30-06-2022)<br>Last Updated By: Kanthaswami.I (Auditor, On 30-06-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Kanthaswami.I (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Rajan (Senior Grade Auditor, On 30-06-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 30-06-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Kanthaswami.I (Auditor, On 31-05-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-10 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Kanthaswami.I (Auditor, On 31-05-2022) | 1-11 |
| 13 | പഞ്ചായത്തിന്റെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Kanthaswami.I (Auditor, On 31-05-2022) | 1-11-1 |
| 14 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-11-2 |
| 15 | ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Kanthaswami.I (Auditor, On 31-05-2022) | 1-11-3 |
| 16 | മിനറൽവാട്ടർ യൂണിറ്റുകൾ- സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. | 1-11-4 |

| | | |
|---|---|---|
| | Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Kanthaswami.I (Auditor, On 31-05-2022) | |
| 17 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-12 |
| 18 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം നികുതി ഇനത്തിൽ നഷ്ടം<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-13 |
| 19 | എം.എസ്.എം.ഇ കളുടെ (സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ) വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-14 |
| 20 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-15 |
| 21 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രൊജക്റ്റുകൾ രൂപീകരിച്ചിട്ടില്ല-<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-16 |
| 22 | പെൻഷൻ വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 29-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-17 |
| 23 | കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം -അനർഹനായ ഗുണഭോക്താവിന് ആനുകൂല്യം നൽകി<br>Written By: K.V.Rajan (Senior Grade Auditor, On 29-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 07-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് 31/03/2020 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല . ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 39469354 | 175576000 | 215045354 | 153261000 | 61784354 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 9-06-2021 |

## 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11- പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3) NREGA-അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകകൾ NREGA യുടെ തൻവർഷത്തെ വരവിൽ നിന്നും ചെലവിൽ ഉൾപ്പെടുത്തി കാണിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് വകയിരുത്തി.

4)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക , എ.ഇ.ലഭ്യമാക്കിയ പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാദ്ധ്യമല്ല.

6)ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ചിരിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

7)തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16)

8)ബാലൻസ് ഷീറ്റിൽ State Govt Cess /Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ നിശ്ചിത നിരക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16945926 |
| വരവ് | 71625129 |

| | |
|---|---|
| ആകെ | 88571055 |
| ചെലവ് | 77524216 |
| നീക്കിയിരിപ്പ് | 11046839 |

## 1-4 ഫണ്ട് വിനിയോഗം

| 1. ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11576232 | 11576232 | 11566714 | 9518 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9414079 | 9414079 | 7647760 | 1766319 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 11506000 | 11506000 | 8157366 | 3348134 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 3890251 | 3890251 | 3117413 | 772838 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(tied Fund) | 0 | 5280000 | 5280000 | 93390 | 5186610 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(untied | 0 | 9620269 | 9620269 | 6396838 | 3223431 |

| | | | | | |
|---|---|---|---|---|---|
| Fund) | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| TSC | 912562 | 179900 | 1092462 | 179900 | 912562 |
| ICDS | 1596904 | 2241577 | 3838481 | 1773250 | 206521 |
| Suchithwa Mission | 1073793 | 2579919 | 3653712 | 135000 | 3518712 |
| MGNREGS | 0 | 20961121 | 20961121 | 20957256 | 3865 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 86115089 | 168 | 51715123 | 0 | 59 | 74 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 11 | 9097383 | 4886431 | 53.71 |
| വി.ഇ.ഒ | 21 | 11 | 19325086 | 7340260 | 37.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5070536 | 4511530 | 88.97 |
| സെക്രട്ടറി | 31 | 15 | 10441946 | 2980152 | 28.54 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 120 | 99 | 29997999 | 23937927 | 79.79 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 7 | 2465005 | 1386698 | 56.25 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 1060033 | 1060033 | 100 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 7 | 5 | 4368237 | 2528150 | 57.87 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 2025400 | 1212050 | 59.84 |
| ഹെഡ് മിസ്ട്രസ് | 8 | 6 | 1823870 | 1432298 | 78.53 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 439594 | 439594 | 100 |
| ആകെ | 227 | 168 | 86115089 | 51715123 | 60 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1120400 | 1936 |
| വിധവാപെൻഷൻ | 8004200 | 14016 |
| വാർദ്ധക്യകാല പെൻഷൻ | 12509800 | 24394 |
| വികലാംഗപെൻഷൻ | 1922500 | 3507 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള വിവാഹ ധനസഹായം | 468600 | 781 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 19869702 | 19869702 | 19869702 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1091419 | 1091419 | 1087554 | 3865 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.05.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 3.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 9588 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

10.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല

11.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18/1/2022 | 12/2022 | 18/1/2022 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2009 മുതൽ 18.03.2009 | 1997-98 മുതൽ 1999-00 വരെ | 15.11.2006 | ഇല്ല |

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ- അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിൻമേൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 പഞ്ചായത്തിന്റെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | എ.ആർ.ഡി.നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | 93 | രവി കുമരനല്ലൂർ |
| 2 | 94 | അബ്ദുൾ ഖാദർ, കൊഴിക്കര |
| 3 | 95 | അബ്ദുൾ ഖാദർ, എറവക്കാട് |
| 4 | 96 | അച്ചുതൻകുട്ടി, പറക്കുളം |
| 5 | 97 | ഗോപാലകൃഷ്ണൻ, വെള്ളാളൂർ |
| 6 | 98 | ഹസ്സൻ, കാഞ്ഞിരത്താണി |
| 7 | 99 | സുനിത, പള്ളങ്ങാട്ടുചിറ |

ഇവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 2/27.05.2022)

### 1-11-2 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ പട്ടിക lii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി. ഫീസ് ഈടാക്കിയിട്ടില്ലാത്ത ഏതാനം അപേക്ഷകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം, അപേക്ഷകൻ. | സ്ഥാപനം | ഉപയോഗിക്കുന്ന കുതിരശക്തി | ചുമത്താവുന്ന അധിക ഫീസ് |
|---|---|---|---|---|
| 1 | 1, രവീന്ദ്രൻ.കെ.വി | അനശ്രീ സ്റ്റീൽ | 40 HP | 400 |

| | | | | |
|---|---|---|---|---|
| | | ഇൻഡസ്ട്രീസ് | | |
| 2 | 9, പത്മാവതി | ഹോളോബ്രിക്സ് നിർമ്മാണം | 10 HP | 100 |
| 3 | 17, ഹരിദാസൻ.കെ.വി | ഗ്ലാസ് കോ സേഫ്റ്റി ഗ്ലാസ് | 100 HP (Pollution Control Board Certificate പ്രകാരം 938 HP എന്ന് കാണുന്നു. പരിശോധിക്കേണ്ടതാണ്) | 1000 |
| 4 | 18, അബ്ദുൾ ഖാദർ | മരമിൽ | 33 HP | 400 |
| 5 | 20, മണികണ്ഠൻ | അലുമിനിയം ഫാബ്രിക്കേഷൻ | 18.5 HP | 200 |
| 6 | 21, ശശിധരൻ | ഹോളോബ്രിക്സ് നിർമ്മാണം | 15 HP | 200 |
| 7 | 24, പുഷ്പലത | റൈസ് മിൽ | 10 HP | 100 |
| 8 | 26, അബ്ദുൾ ഖാദർ | റൈസ് മിൽ | 10 HP | 100 |
| 9 | 28, സുജിത്.വി | സിമന്റെ ബ്രിക്സ് | 10 HP | 100 |
| 10 | 31, അബ്ദുള്ളക്കുട്ടി | റൈസ് മിൽ | 10 HP | 100 |
| 11 | 33, അബ്ദുൾ നാസർ | റൈസ് മിൽ | 10 HP | 100 |
| 12 | 36, സെയ്ദ് | റൈസ് മിൽ | 10 HP | 100 |
| 13 | 37, ഉമ്മർ | റൈസ് മിൽ | 10 HP | 100 |
| 14 | 38, വിശ്വനാഥൻ.എം | മാരാത്ത് ഇൻഡസ്ട്രീസ് | 65 HP | 1000 |
| 15 | 47, ജയകൃഷ്ണൻ | ശബരിഗിരി റോക്ക് ടൈൽസ് | 98 HP | 1000 |
| 16 | 49, താഹിറ | തെക്കേക്കര പോളിമേഴ്സ് | 27 HP | 300 |
| 17 | 50, ഷാജിത | മെസ്സിഅക്വാമിനറൽസ് (മിനറൽ ഡ്രിങ്കിങ് വാട്ടർ) | 20 HP | 200 |
| 18 | 52, അബ്ദുൾ റഹ്മാൻ | ക്രഷർ മെറ്റൽസ് | 150 HP | 2000 |
| 19 | 63, ബിനീഷ് | ഓയിൽ മിൽ | 20 HP | 200 |
| 20 | 148, മുഹമ്മദ് അനീഷ് | വർക് ഷോപ്പ് | 30 HP | 300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02/27.05.2022 ന് മറുപടിയായി പരാമർശിത സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ ലഭ്യമാകേണ്ട തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-11-3 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ്

ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനും സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമനം. | അപേക്ഷകൻ | സ്ഥാപനം |
|---|---|---|---|
| 1 | 48 | സലിം.ടി.കെ | താളം ഫുഡ്സ് |
| 2 | 53 | കെ.കെ.അബ്ദുൾ ലത്തീഫ് | ഗ്ലാൻ ഫുഡ് കോർട്ട് |
| 3 | 79 | കുഞ്ഞുണ്ണി | ഹോട്ടൽ ബാബു |
| 4 | 163 | ബാലകൃഷ്ണൻ.എ.വി | റാണി ഹോട്ടൽ |
| 5 | 176 | മുഹമ്മദ് | വൈറ്റ് ലൈൻ ഫുഡ്സ് |
| 6 | 180 | ലുക്ക്മാൻ | നിയോക്ലാസിക് ഫുഡ്സ് |
| 7 | 187 | പ്രവീൺകുമാർ | പി.എൻ.ഫുഡ്സ് |

ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ക്ളിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരിക്കേണ്ടതാണ് .

1-11-4 മിനറൽവാട്ടർ യൂണിറ്റുകൾ- സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

മിനറൽ വാട്ടർ നിർമ്മിക്കുന്ന മെസ്സിഅക്വാമിനറൽസ് എന്ന യൂണിറ്റിന് പഞ്ചായത്തിൽനിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നം. C433671/14 Dated 19.12.2014 ൽ മിനറൽവാട്ടർ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവരുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ യൂണിറ്റിന്റെ പേര്, തൊഴിലാളികളുടെ എണ്ണം, രജിസ്റ്റർ ചെയ്തത്, ലൈസൻസ് നൽകിയ തീയതി, ഉല്പാദനക്ഷമത തുടങ്ങിയവ അടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02/27.05.2022 ന് മറുപടിയായി സർക്കുലറിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് പരിശോധിച്ച് റിപ്പോർട്ട് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-12 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. 2020-21 വർഷത്തെ തൊഴിൽ നികുതി

രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി യിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | 1 & 2 |
| 2 | ഇസ്ലാഹിയ എസ്.എസ്.സ്കൂൾ | 2 |
| 3 | എൻ.എസ്.എസ് - ആർട്സ് & സയൻസ് കോളേജ് | 1 & 2 |

എൻ.എസ്.എസ് - ആർട്സ് & സയൻസ് കോളേജ് എന്ന സ്ഥാപനത്തിന്റെ തൊഴിൽനികുതി ഡിമാന്റെ നോട്ടീസ് അയച്ചതിന് മറുപടിയായി " ഈ സ്ഥാപനത്തിലെ ജീവനക്കാർ മറ്റു സ്ഥാപനങ്ങളിൽ നിന്ന് സേവന ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ് എന്നും അവരുടെ മാതൃസ്ഥാപനം സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ യഥാസമയം തൊഴിൽനികുതി അടച്ചിട്ടുള്ളതാണ് " എന്ന് സ്ഥാപനത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ ജീവനക്കാർ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി ഹാജരാക്കുകയോ അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ ിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൊഴിൽനികുതി ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം, | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | അനശ്രീ സ്റ്റീൽ ഇൻഡസ്ട്രീസ് | 16 |
| 2 | 17 | ഗ്ലാസ് കോ സേഫ്റ്റി ഗ്ലാസ് | 4 |
| 3 | 18 | ഷബീബ് ടിംബർ & സോമിൽ | 3 |
| 4 | 20 | നാഷണൽ അലുമിനിയം | 6 |
| 5 | 21 | കാരാകോൺ ഹോളോബ്രിക്സ് | 4 |
| 6 | 48 | താളം ഫുഡ്സ് | 10 |
| 7 | 38 | മാരാത്ത് ഇൻഡസ്ട്രീസ് | 6 |
| 8 | 47 | ശബരിഗിരി റോക്ക് ടൈൽസ് | 9 |
| 9 | 49 | തെക്കേക്കര പോളിമേഴ്സ് | 5 |
| 10 | 50 | മിനറൽ ഡ്രിങ്കിങ് വാട്ടർ | 7 |
| 11 | 52 | ക്രഷർ മെറ്റൽസ് | 7 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതും ഇപ്രകാരം ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/27.05.22 ന് മറുപടിയായി കരാറുകാരിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും റേഷൻ കട നടത്തിപ്പുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം നികുതി ഇനത്തിൽ നഷ്ടം

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നതിൻമൂലം പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നു. ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് (ഒരു ച.മീറ്ററിന്)

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ - 35 രൂപ.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ- 50 രൂപ

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി | വ്യത്യാസം/ നഷ്ടം | ആകെ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 5/10 B | ഹമീദ്ഹാജി, ചെറിയത്ത് വളപ്പിൽ എറവക്കാട് | 179.64 | 179.64*35= 6287.4 | 179.64*50= 8982 | 2695 | 13475 (2017 First Half മുതൽ) |
| 2 | 6/350 C | മണികണ്ഠൻ, കാങ്കപ്പറമ്പിൽ, പള്ളങ്ങാട്ടു ചിറ, കപ്പൂർ, | 147.25 | 147.25*35= 5153.75 | 147.25*50= 7363 | 2209 | 11045 (2017 First Half മുതൽ) |
| 3 | 6/89 A | ബഷീർ, റസിയ, കിലായിൽ, പള്ളങ്ങാട്ടു ചിറ, കപ്പൂർ | 219.43 | 219.43*35= 7680.05 | 219.43*50= 10972 | 3292 | 11522 (2018 Second Half മുതൽ) |
| | | | | | | ആകെ നഷ്ട തുക | 36042 |

വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 5/27.05.2022)

1-14 എം.എസ്.എം.ഇ കളുടെ (സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ) വസ്തു

നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപനപ്രകാരമുള്ള നിരക്കു നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കപ്പെടുന്നില്ല. എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കുന്നതിനായുള്ള രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ 4എം.എസ്.എം.ഇ കൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.

ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് 25 രൂപ അടിസ്ഥാന നികുതിയായി നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യോഗ് ആധാർ മെമ്മോറാണ്ടമോ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള രേഖകൾ പരിശോധിച്ച് അവ യഥാർത്ഥ എം.എസ്.എം.ഇ കൾ തന്നെയാണെന്ന് ഉറപ്പാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ അവ യഥാർത്ഥ എം.എസ്.എം.ഇ കൾ തന്നെയാണെന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | നികുതി പ്രാബല്യത്തിൽ വരുന്ന തിയതി |
|---|---|---|
| 1 | 18/246 D, ഉണ്ണികൃഷ്ണൻ, ചാപ്പുവളപ്പിൽ,കപ്പൂർ, കുമരനെല്ലൂർ , 137 ച.മീറ്റർ | 2013 First Half |
| 2 | 10/225 F, ജയകൃഷ്ണൻ, ശബരിഗിരി റോക്ക് പ്രൊഡക്റ്റ് (നന്ദനം), തൊടുപുഴ പി.ഒ,ഇടുക്കി, 297.79 ച.മീറ്റർ | 2013 First Half |
| 3 | 14/213 A , മുഹമ്മദ് സലീം, മാടംവില്ലത്ത്,മാരായംകുന്ന്, കുമരനെല്ലൂർ, 92.65 ച.മീറ്റർ | 2013 First Half |

രേഖകൾ പരിശോധിച്ച് അവ എം.എസ്.എം.ഇ കൾ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും അല്ലാത്തപക്ഷം മറ്റു വ്യവസായ സ്ഥാപനങ്ങൾക്ക് ബാധകമായി വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/27.05.2022 ന് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി

പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |
| 3 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. മേൽ സൂചിപ്പിച്ച കെട്ടിട വിഭാഗങ്ങൾക്ക് വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 08/27.05.22 -ന് കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രൊജക്റ്റുകൾ രൂപീകരിച്ചിട്ടില്ല-

കപ്പൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 33 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 31 |
| 3 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായവ | 1 |

| | | |
|---|---|---|
| 4 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിന് സാധ്യതയുള്ളത്. | 2 |
| 5 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 2 |
| 6 | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 33 |
| 7 | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | 1 |
| 8 | ചുറ്റമതിൽ ഉള്ളവയുടെ എണ്ണം | 28 |
| 9 | വൈദ്യുതി ഉള്ളവ | 33 |
| 10 | കുടിവെള്ളം ലഭ്യമായവ | 33 |
| 11. | ഗ്യാസ് കണക്ഷൻ ഉള്ളവ | 33 |
| 12 | ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണോ അങ്കണവാടികൾ പ്രവർത്തിക്കുന്നത്? എല്ലാ വർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടോ? | ഉണ്ട് |
| 13 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക നൽകുന്നത്. | വനിതാ ശിശുവികസന വകുപ്പ് |

കപ്പൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ പരിശോധിച്ചതിൽ 2 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും , 5 അങ്കണവാടികൾക്ക് ചുറ്റമതിൽ ഇല്ല എന്നും കാണുന്നു. സാമൂഹ്യക്ഷേമം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പിലോ മറ്റ് യോഗങ്ങളിലോ ഈ വിഷയങ്ങൾ ചർച്ചകൾ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് അനുസരിച്ച് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4) ഐ.സി.ഡി.എസ് നുള്ള കേന്ദ്ര വിഹിതം 20,65,231.00 /- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.

10/30.05.2022 ന് അവശേഷിക്കുന്ന കേന്ദ്രവിഹിതം ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഭരണസമിതിയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

1-17 പെൻഷൻ വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം

കപ്പൂർ ഗ്രാമപഞ്ചായത്തിലെ 2019-20, 2020-21 വർഷങ്ങളിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വസ്തുതകൾ താഴെ കൊടുക്കുന്നു.

I) ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണവും, പ്രതിമാസം പെൻഷനുവേണ്ടി ചെലവഴിക്കേണ്ട തുകയും താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സാമൂഹ്യസുരക്ഷാ പെൻഷൻ വിഭാഗം | പ്രതിമാസ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിമാസം ആവശ്യമായ തുക |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1600 | 149 | 238400.00 |
| 2 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 2645 | 4232000.00 |
| 3 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി / മാനസികമായി വെല്ലുവിളി നേരിടുന്നവർ | 1600 | 331 | 529600.00 |

| | | | | |
|---|---|---|---|---|
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1600 | 73 | 116800.00 |
| 5 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 1371 | 2193600.0 |
| ആകെ | | | 4569 | 7310400.00 |

2) 2019-20 സാമ്പത്തിക വർഷം 150 പേരെയും 2020-21 സാമ്പത്തിക വർഷം 163 പേരെയും ഗുണഭോക്താക്കൾ മരണമടഞ്ഞതിനാലോ, പുനർ വിവാഹം നടത്തിയതിനാലോ, മറ്റ് കാരണങ്ങളാലോ പെൻഷൻ വിതരണം നടത്തിയിട്ടില്ല.

3)വിതരണം ചെയ്യാത്ത പെൻഷൻ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ എക്കൗണ്ടിലേക്ക് തിരിച്ചെട്ടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷം ഏജൻസി/ബാങ്കുകൾ വിതരണം ചെയ്യാത്ത തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

4) സർക്കാർ ഉത്തരവ് (എം എസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 12 പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. കൂടാതെ സർക്കാർ ഉത്തരവ് (എം എസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. ഈ നിർദ്ദേശ പ്രകാരം 2019-20, 2020-21 വർഷങ്ങളിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ആകെ 313 പേരെ നീക്കം ചെയ്തതയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

5)2019-20,2020-21 സാമ്പത്തിക വർഷം ഡയരക്റ്റ് ടു ഹോം സേവനം നൽകുന്ന ബാങ്ക്/ഏജൻസികൾ ലഭ്യമാക്കിയ, മരണപ്പെട്ടതിനാലും പുനർവിവാഹം ചെയ്തതിനാലും പെൻഷൻ വിതരണം ചെയ്യാൻ കഴിയാതിരുന്നവരുടെ വിവരങ്ങൾ (പെൻഷൻ ഐ.ഡി, പേര്, ആധാർ നമ്പർ ഗുണഭോക്താവിനെ പെൻഷൻ പട്ടികയിൽ നിന്നും നീക്കം ചെയ്യാനുള്ള കാരണങ്ങൾ എന്നിവ) ബാങ്കുകൾ സമർപ്പിക്കാത്തതിനാൽ അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയ ഗുണഭോക്താക്കളുടെയും, അങ്കണവാടി ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയ ഗുണഭോക്താക്കളുടെയും, വിശദാംശങ്ങൾ ലഭ്യമല്ല.

6)സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഉള്ള പെൻഷൻ തുക അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് സർക്കാർ ഉത്തരവ് (എം എസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 15 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ബാങ്ക്/പോസ്റ്റ് ഓഫീസ് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾ മരണപ്പെടുന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ അവകാശികൾ കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ നിലവിൽ ലഭ്യമല്ല എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

7)സർക്കാർ ഉത്തരവ് (എംഎസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 4 (iii) അനുസരിച്ച് നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാനാവില്ലാത്തതിനാൽ, അവർക്ക് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും, ഖണ്ഡിക 4(ii) പ്രകാരം ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മറ്റു മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 4 (iv) പ്രകാരം ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നില്ല.

8) ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളുടെ അടിസ്ഥാനത്തിൽ, ആക്റ്റീവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും മരണമടഞ്ഞവരെ ഒഴിവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മരണമടഞ്ഞ പെൻഷൻ ഗുണഭോക്താക്കളുടെ ആധാർകാർഡിന്റെ പകർപ്പ് വാങ്ങുന്നുണ്ടെന്നും അതനുസരിച്ച് ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് അറിയിച്ചു.

9)സർക്കുലർ നം. 63/2021/ധനം തീയതി 02.08.2021 ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മറ്റു തദ്ദേശ സ്ഥാപനങ്ങളിലേക്ക് വിവരങ്ങൾ കൈമാറുന്നില്ലെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 11/30-5-22 മറുപടിയായി പഞ്ചായത്ത് അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾ

(1) സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൃത്യമായും കാര്യക്ഷമമായും വിതരണം ചെയ്യുന്നതിനും, അനർഹരായവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്നും അർഹരായവർക്ക് അവർക്കർഹതയുള്ള കാലം മുതൽ അത് ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിനും മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ് .

(2) വിതരണം ചെയ്യപ്പെടാത്ത പെൻഷൻ തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിക്കുകയും അത്രയും തുക സർക്കാർ നിർദേശിച്ച പ്രത്യേക ശീർഷകത്തിൽ സമയബന്ധിതമായി തിരിച്ചടക്കപ്പെടുന്നു എന്നുറപ്പു വരുത്തുകയും ചെയ്യുന്നതിനു വേണ്ടി ഓരോ ബാച്ച് പെൻഷൻ വിതരണത്തിനു ശേഷവും, വിതരണം ചെയ്യപ്പെടാത്ത തുക (പെൻഷൻ ഇനം തിരിച്ച്) സമർപ്പിക്കാൻ വിതരണ ഏജൻസികളോട് ആവശ്യപ്പെടേണ്ടതും ടി തുക സമയബന്ധിതമായി തിരിച്ചടക്കപ്പെടുന്നു എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

(3)അനർഹരായ വ്യക്തികൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനും മരണപ്പെടുന്നതിലൂടെയും പുനർവിവാഹിതരാകുന്നതിലൂടെയും അനർഹരാക്കപ്പെടുന്ന പെൻഷണർമാരുടെ വിശദാംശങ്ങൾ സമയബന്ധിതമായി സെക്രട്ടറിയെ രേഖാമൂലം അറിയിക്കുന്നതിന് അതത് വാർഡുകളെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികളുടെ സഹായം തേടാവുന്നതുമാണ്.

1-18 കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം -അനർഹനായ ഗുണഭോക്താവിന് ആനുകൂല്യം നൽകി

പ്രൊജക്ട് നമ്പർ 23/21-കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം

അടങ്കൽ :രു.809600.00 ( രൂ.404800.00( വികസന ഫണ്ട്) + രു.404800.00(ഗുണഭോക്തൃ വിഹിതം )

ചെലവ്- 809600.00

നിർവഹണം-വെറ്റിനറി സർജൻ

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 2.12.2 ലെ നിർദ്ദേശപ്രകാരം മൃഗസംരക്ഷണ മേഖലയിൽ വ്യക്തിഗത സബ്സിഡി നൽകുന്നതിന് കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം നൽകിയ ശ്രീ. ഹരിദാസൻ, ശ്രേയസ്സ് വീട്, എറവക്കോട് എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖ അനുസരിച്ച് ( റേഷൻ കാർഡ് നം.1948039667 ) ടിയാന്റെ കുടുംബ വാർഷിക വരുമാനം 756000.00 രൂപയാണ്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ വിരുദ്ധമായി നൽകിയ സബ്സിഡി ആനുകൂല്യം തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 13 തീ 31-05-2022)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2020-2021 വർഷത്തെ AFS 23-05-2022-നം 31-05-2022 നം ഇടയിൽ പരിശോധിച്ചു. ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 12155 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി --SC (58/20-21 | 12155 | 0 |
| | 2020-21 | 374000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 374000 | |

| | | | | | |
|---|---|---|---|---|---|
| | | | (168/20-21) | | |
| | 2020-21 | 275000 | നെൽകൃഷിക്ക് കൂലിച്ചെലവ് (58/20-21) | 275000 | |
| | 2020-21 | 60000 | ലൈഫ് മിഷൻ തുക വകയിരുത്തൽ-ജനറൽ (21 /20-21) | 60000 | 0 |
| | 2020-21 | 200000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി ജനറൽ (128/2021) | 200000 | |
| | 2020-21 | 880000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-- SCP (16/20) | 880000 | |
| | 2020-21 | 550750 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (ജനറൽ)-(170/20-21) | 41416 | 509334 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1060836 | നെൽകൃഷിക്ക് കൂലിച്ചെലവ് (58/20-21) | 841024 | 219812 |
| | 2020-21 | 260000 | ലൈഫ് മിഷൻ തുക വക യിരുത്തൽ -SC (206/20-21) | 260000 | 0 |
| | 2020-21 | 540000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി--SCP (16/20) | 540000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

പഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷം 1300000വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFCലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | 1300000 | 5300793 | 600039 | - | 6000754 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഈ ഇനത്തിൽ മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31-3-19 ലെ നീക്കിയിരിപ്പായി 621274 രൂപ അവശേഷിക്കുന്നു. (രശീതി നമ്പർ 02503020300064-9/3-4-18—പി.ഡി.സി ബാങ്ക്,പടിഞ്ഞാറങ്ങാടി ബ്രാഞ്ച്) .എന്നാൽ തൻവർഷം എത്ര രൂപ പിൻവലിച്ച ,നിക്ഷേപിച്ച തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പ്പേരും | |
| 2017-18 | 2-5 | 2800 | എ.ഷിബു, സെക്രട്ടറി, വാടക്കരാർ മുദ്രപത്ര വില | 12001010659/ 30-06-2020 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ --ഒന്നുമില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 16945926 |
| ഓഡിറ്റ് വർഷത്തെ വരവ് | 71625129 |
| ആകെ | 88571055 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77524216 |
| നീക്കിയിരിപ്പ് | 11046839 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00 /11-12-00 | മുഴുവൻ ഖണ്ഡികകളും |
| 1998-99 | LFP6-18568/00 /11-12-00 | -Do- |
| 1999-00 | LFP11-28/05 /29-08-2005 | -Do- |
| 2000-01 | LFP11-733/06 /16-10-2006 | -Do- |
| 2001-02 | LFP11-734/06 /16-10-2006 | -Do- |
| 2002-03 | LFP11-1617/08 /2-1-2010 | -Do- |
| 2003-04 | LFP11-1618/08 /2-1-2010 | -Do- |
| 2004-05 | LFP11-1619/08 /2-1-2010 | -Do- |
| 2005-06 | LFP20-1006/11/3011-11 | -Do- |
| 2006-07 | LFP20-1007/11/3011-11 | -Do- |
| 2007-08 | LFP20-1008/11/30-11-11 | -Do- |
| 2008-09 | LFP20-75/13/22-3-13 | -Do- |
| 2009-10 | LFP20-75/13/22-3-13 | -Do- |
| 2010-11 | LF6-20/75/13/22-3-13 | -Do- |
| 2011-12 | LFP20-1276/14 /10-10-2014 | -Do- |
| 2012-13 | LFP20/882 /15/26-08-2015 | -Do- |
| 2013-14& | KSA-PKD20/1103/2016 | -Do- |

| | | |
|---|---|---|
| 2014-15 | /31-07-2016 | |
| 2015-16 | KSA-PKD20/90 /2017/12-1-17 | -Do- |
| 2016-17 | KSA-PKD20/1815/17 /12.10.17 | 13 |
| 2017-18 | KSA-PKD20/858 /2019/17-8-19 | മുഴുവൻ ഖണ്ഡികകളും |
| 2018-19 | KSA-PKD20-196/2021 Dt.15-3-21 | മുഴുവൻ ഖണ്ഡികകളും |
| 2019-20 | KSA-PKD20-1260/2022 Dtd 07.07.2022 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| Kappur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 22487320.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8962.00 |
| 312000000 | Reserves | B-3 | 45847438.00 |
| | Total Reserve & Surplus | | 68343720.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8902050.00 |
| | Total Grants, Contributions for Specific Purposes | | 8902050.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6800754.00 |
| | Total Loans | | 6800754.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 767462.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2127444.70 |
| | Total Current Liabilities and Provisions | | 2894906.70 |
| | TOTAL LIABILITIES | | 86941431.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77447863.00 |
| 411000000 | Accumulated Depreciation | B-11 | -20845915.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 56601948.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 718089.00 |
| | Total Investments | | 718089.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11825601.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -205155.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Kappur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16939926.00 |
| Cash | Cash | RP-40(a) | 6000.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 937590.00 |
| 140000000 | Fees & User Charges | RP-4 | 1516227.00 |
| 150000000 | Sale & Hire Charges | RP-5 | 263498.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54671652.00 |
| 171000000 | Interest Earned | RP-9 | 87480.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7539877.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 37000.00 |
| 350000000 | Other Liabilities | RP-36 | 297423.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 2800.00 |
| 311000000 | Earmarked Funds | RP-29 | 384.00 |
| 330000000 | Secured Loans | RP-32 | 1300000.00 |
| 340000000 | Deposits Received | RP-34 | 306457.00 |
| 350000000 | Other Liabilities | RP-36 | 501708.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4154283.00 |
| 460000000 | Loans, Advances and Deposits | RP-47 | 8750.00 |
| | Grand total | | 88571055.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2897486.00 |
| 220000000 | Administrative Expenses | RP-12 | 1660253.00 |
| 230000000 | Operations & Maintenance | RP-13 | 3528306.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6488115.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16034115.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1123559.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1689008.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Kappur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5417303.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 109912.00 |
| 140000000 | Fee & User Charges | I-4(b) | 1626777.00 |
| 150000000 | Sale & Hire Charges | I-5(b) | 263498.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 102339863.00 |
| 170000000 | Income from Investments | I-7 | 48666.00 |
| 171000000 | Interest Earned | I-8 | 87480.00 |
| 180000000 | Other Income | I-9 | 2800.00 |
| | Total Income | | 109896299.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9017020.00 |
| 220000000 | Administrative Expenses | I-11(b) | 1663484.00 |
| 230000000 | Operations & Maintenance | I-12(b) | 3764806.00 |
| 240000000 | Interest & Finance Charges | I-13 | 3406.00 |
| 250000000 | Decentralised Plan Programme- Productive Sector / Programme Expenses | I-14 | 6488115.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 39888397.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 1123559.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1689008.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 24235500.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 13778291.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 101100.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 2000.00 |
| 272000000 | Depreciation | I-17(a) | 7773100.00 |
| | Total Expenditure | | 109527786.00 |
| | Gross Surplus/ Deficit of income over Expenditure | | 368513.00 |
| 280000000 | Prior Period Item | I-18 | -153962.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 522475.00 |

ഡെപ്യൂട്ടി ഡയറക്ടർ